# SANCHAR NIGAM EXECUTIVES' ASSOCIATION

## KERALA CIRCLE

(Recognised Majority Association of Executives in BSNL)

SNEA Bhavan, Dharmalayam Road, TVM-695001


| Circle President | Circle Secretary | Circle Treasurer |
|---|---|---|
| George Varghese | T.Santhosh Kumar | Suneer.S |
| DGM, Ernakulam | AGM, Trivandrum | AO, Circle Office |
| Mob: 9447162900 | Mob: 9446072525 | Mob: 9447341693 |


No.SNEA/Kerala/2018-19/ dated 12/8/2019

**<u>പത്രക്കുറിപ്പ്</u>**

തിരുവനന്തപുരം
12/08/2019

## <u>മാനം കറുക്കുമ്പോൾ മലയാളികൾക്ക് താങ്ങായി എന്നും BSNL..</u>

മഹാപ്രളയശേഷം ഒരു വർഷം കഴിഞ്ഞു സംഹാരതാണ്ഡവമാടിയ ഈ പ്രളയത്തിലും കേരളത്തിന്റെ രക്ഷാപ്രവർത്തനങ്ങളേയും ദുരിദാശ്വാസ പ്രവർത്തനങ്ങളേയും കോർത്തിണക്കാൻ മലയാളിക്ക് കൈത്താങ്ങായി BSNL മാത്രം. ആഗസ്റ്റ് 8നു തുടങ്ങിയ പേമാരിയും അതിനെ തുടർന്നുണ്ടായ പ്രളയവും കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളെ സാരമായി ബാധിച്ചപ്പോൾ BSNL ഒഴികെയുള്ള മിക്ക ഓപ്പറേറ്റർമാരുടെയും നെറ്റ്‌വർക്ക് പല സ്ഥലങ്ങളിലും കിട്ടാതെയായി. ദിവസങ്ങളോളം വൈദ്യുതി ഇല്ലാതിരുന്ന വേളയിൽ BSNL ഉദ്യോഗസ്ഥർ സ്വന്തം കയ്യില് നിന്നും പണം മുടക്കിയാണ് മിക്ക സ്ഥലത്തും ഡീസല് നിറച്ചു കൊണ്ട് സർവീസ് നിലനിർത്തിയത്. മലയും മണ്ണുമിടിഞ്ഞും ഉരുൾ പൊട്ടിയും മിക്ക സ്ഥലങ്ങളും എത്തിപ്പെടാൻ സാധ്യമാകാതെ ഇരുന്നപ്പോള് അവിടേക്ക് പോകാൻ ധൈര്യം കാണിച്ച ഉദ്യോഗസ്ഥർക്ക് ജില്ലാ ഭരണകൂടങ്ങളും സഹായത്തിനെത്തി. ഇന്ത്യയിലെ ഇത് വരെയുള്ള എല്ലാ പ്രകൃതി ദുരന്തങ്ങളിലും സംഭവിച്ചപോലെ സ്വകാര്യ ഓപ്പറേറ്റർമാരുടെ മൊബൈൽ ബന്ധം നിശ്ചലമായപ്പോൾ BSNL ജനങ്ങളുടെ സഹായത്തിനെത്തി. പ്രളയം നാശം വിതച്ച സ്ഥലങ്ങളിലെ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനു വേണ്ടി അടുത്ത ഒരാഴ്ചത്തേക്ക് അവിടങ്ങളിൽ BSNL മൊബൈൽ ഉപയോഗിക്കുന്നവർക്ക് പരിധികളില്ലാത്ത കോളും ഡാറ്റയും നൽകാൻ BSNL തീരുമാനിച്ചിരിക്കുന്നു. അതിനു പുറമേ BSNL ഫോൺ ഉപയോഗിക്കുന്ന കാണാതായ ആൾക്കാരെ

കണ്ടെത്തുന്നതിനു 1948 എന്ന സേവനവും BSNL തുടങ്ങിയിട്ടുണ്ട്. കേരള BSNL ഫോണില് നിന്ന് നേരിട്ടും മറ്റു ഫോണിൽനിന്നും 9400021948 എന്ന നമ്പറിലും വിളിച്ചു കണ്ടെത്തേണ്ട ആളുടെ BSNL നമ്പർ ഷെയർ ചെയ്താൽ അവരുടെ ടവർ ലൊക്കേഷൻ തിരികെ മെസ്സേജ് ആയി ലഭിക്കുന്ന സംവിധാനമാണ് നിലവിൽ വന്നത്. പ്രളയം നാശം വിതച്ച സ്ഥലങ്ങളിൽ ത്വരിത വേഗതയിൽ കമ്മ്യൂണിക്കേഷൻ ശൃംഖല പുനസ്ഥാപിച്ച BSNL ഉദ്യോഗസ്ഥർക്ക് അകമഴിഞ്ഞ പിന്തുണയാണ് നാട്ടുകാർ നൽകി വരുന്നത്. റെയിൽവേ സംവിധാനം പുനസ്ഥാപിക്കാൻ BSNL എല്ലാ പ്രധാന റെയിൽവേ സ്റ്റേഷനുകളിലും GSM FCT സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മാസങ്ങളായി ശമ്പളം കിട്ടിയിട്ടില്ലെങ്കിലും BSNL കരാർ തൊഴിലാളികളും നെറ്റ്വർക്ക് പുനസ്ഥാപിക്കാൻ ഉദ്യോഗസ്ഥർക്ക് അകമഴിഞ്ഞ പിന്തുണ നൽകി വരുന്നു. തുടർന്നുള്ള രക്ഷാ പ്രവർത്തനങ്ങൾക്കും BSNL പിന്തുണ ഉണ്ടാകുമെന്ന് BSNL ഓഫീസിർമാരുടെയും തൊഴിലാളികളുടെയും സംഘടനകൾ അറിയിച്ചു.

ഒരു അടിയന്തിര ഘട്ടം വന്നപ്പോൾ ഉപയോഗിച്ചു കൊണ്ടിരുന്ന പല സ്വകാര്യ ഫോണുകളും ഉപയോഗശൂന്യമായത് ജനങ്ങളിൽ വലിയ പ്രതിഷേധങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഭാവിയിൽ ഏകോപിപ്പിക്കുന്നതിനും തടസമില്ലാതെ തുടർച്ചയായ സേവനങ്ങൾ ലഭിക്കുന്നതിനും എല്ലാ സർക്കാർ ഏജൻസികൾക്കും BSNLന്റെ ഏറ്റവും പുതിയ സർവീസ് ആയ സാറ്റലൈറ്റ് ഫോണ് കണക്ഷൻ നൽകുന്നതിനെ കുറിച്ചുള്ള ആലോചന സർക്കാർ അധികൃതരുമായി തുടങ്ങുമെന്ന് സംഘടനാ ഭാരവാഹികൾ അറിയിച്ചു. ആപത് ഘട്ടത്തിൽ നിൽക്കുന്ന നാടിന്, ലാഭം നോക്കിയല്ല മറിച്ചു ജനങ്ങളുടെ സുരക്ഷയെ മുൻ നിർത്തിയാണ് BSNL എന്നും സർവീസ് നടത്തുന്നത്, ഡീസൽ ചിലവ് വൈദ്യുതിയിൽ പ്രവർത്തിക്കുന്നതിലും പതിൻമടങ്ങായതിനാൽ നഷ്ടം കണക്കാക്കി സ്വകാര്യ സേവനദാതാക്കൾ പിന്മാറുമ്പോൾ പൊതുമേഖല സ്ഥാപനത്തിന്റെ ഉത്തരവാദിത്വം എന്താണെന്ന് സമൂഹത്തിനു കാട്ടി കൊടുക്കുന്ന പ്രവർത്തനമാണ് BSNL നടത്തിക്കൊണ്ടിരിക്കുന്നത്. ആപത്തിൽ സഹായിച്ച യഥാർഥ

സുഹൃത്തിനെ തിരിച്ചറിഞ്ഞ ആശ്വാസത്തിലാണ് നിലമ്പൂർ അടക്കമുള്ള പ്രളയ ദുരിതം നേരിട്ട പ്രദേശങ്ങളിലെ നിവാസികൾ. ജനനന്മ കണക്കാക്കി എന്നും ഏതു കാലാവസ്ഥയിലും സേവനം നൽകാൻ സദാജാഗരൂഗരായിരിക്കുമെന്ന് BSNL സംഘടനാ ഭാരവാഹികൾ അറിയിച്ചു.

എന്ന്,

**Sincerely Yours**



**T.Santhosh Kumar**
**Circle Secretary,**
**SNEA Kerala**